



# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി.

## സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്.

ജില്ല :- പത്തനംതിട്ട

ബ്ലോക്ക് :- പറക്കോട്

ഗ്രാമ പഞ്ചായത്ത് :- ഏറത്ത്

വാർഡ് നമ്പർ : - 9 പുതുശ്ശേരി ഭാഗം

2018 ഒക്ടോബർ 1 മുതൽ 2019 മാർച്ച് 31 വരെ

## ആമുഖം

അവിദഗ്ദ്ധ തൊഴിലാളി കുടുംബങ്ങൾക്ക് തൊഴിൽ സുരക്ഷിതത്വം ലക്ഷ്യമാക്കിയിട്ടുള്ള ഈ പദ്ധതിയിൽ ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷം 100 തൊഴിൽ ദിനങ്ങൾ സ്വന്തം നാട്ടിൽ ഉറപ്പു നൽകുന്നതോടൊപ്പം ഉത്പാദന വർദ്ധനവ്, സ്ഥിര ആസ്തി സൃഷ്ടിക്കുക, പരിസ്ഥിതി സംരക്ഷണം, ജീവിത നിലവാരം ഉയർത്തുക എന്നീ ലക്ഷ്യങ്ങളും ഉണ്ട്. ഈ പദ്ധതിയിൽ, ഗ്രാമസഭകളുടെ വർദ്ധിച്ച പങ്കാളിത്തം കൂടാതെ, സാമൂഹിക ഓഡിറ്റിംഗ്, പങ്കാളിത്ത ആസൂത്രണം, നടത്തിപ്പിലും മേൽനോട്ടത്തിലും തദ്ദേശസ്ഥാപനങ്ങളുടെ വർദ്ധിച്ച ഉത്തരവാദിത്തം എന്നീ കാര്യങ്ങളാൽ ജനകീയമായ അടിത്തറ നിലവിൽ വരുന്നു. തൊഴിലിനുള്ള മൗലികാവകാശവും, മിനിമം കൂലിയും, സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യവേതനവും ഉറപ്പു നൽകുന്നു എന്ന സവിശേഷതയും ഈ പദ്ധതിയുടെ പ്രധാന ഗുണങ്ങളാണ്. ഈ പദ്ധതി കേന്ദ്ര സംസ്ഥാന സർക്കാരുകളുടേയും ത്രിതല പഞ്ചായത്തുകളുടേയും, പൊതുജനങ്ങളുടേയും സഹകരണത്തോടെയാണ് നടപ്പിലാക്കുന്നത്.

## രീതിശാസ്ത്രം

- 9 ആം വാർഡിൽ സോഷ്യൽ ഓഡിറ്റ് കാലയളവിൽ പൂർത്തിയാക്കിയ പ്രവർത്തി ഫയലുകൾ പരിശോധിച്ചു.

- വില്ലേജ് റിസോഴ്സ് പേഴ്സൺ പരിശോധിച്ച ഫയൽ പ്രകാരം പ്രവർത്തി പൂർത്തീകരിച്ച സ്ഥലങ്ങൾ സന്ദർശിക്കുകയും പ്രവർത്തിയുടെ അളവുകൾ എടുക്കുകയും ചെയ്തു.

- തൊഴിലാളികളുടെ തൊഴിൽ കാർഡ് ബാങ്ക് പാസ് ബുക്ക് എന്നിവ പരിശോധിക്കുകയും ഗുണഭോക്താക്കളുടെ പറമ്പുകളിൽ നടത്തിയ പ്രവർത്തികളുടെ ഗുണമേന്മയെ കുറിച്ച് ഗുണഭോക്താക്കളോട് ചോദിച്ചു മനസ്സിലാക്കി.ഇതിന്റെ അടിസ്ഥാനത്തിൽ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കി.

## വാർഡിനെക്കുറിച്ച്

ജില്ല : പത്തനംതിട്ട

ബ്ലോക്ക് :പറക്കോട്

പഞ്ചായത്ത് : ഏറത്ത്

വാർഡ്: 9

ജനസംഖ്യ :1746

സ്ത്രീകൾ: 874

പുരുഷന്മാർ :872

ആകെ വീടുകൾ: :478

എപിഎൽ കുടുംബങ്ങൾ:250

ബിപിഎൽ കുടുംബങ്ങൾ:201

അയൽക്കൂട്ടങ്ങൾ :11

എസ് സി കുടുംബങ്ങൾ :4

അങ്കണവാടി :1

പൊതുകിണർ :1

അതിരുകൾ

കിഴക്ക് : ഏനാത്ത് ഏഴംകുളം റോഡ്

പടിഞ്ഞാറ്: ഏനാത്ത് അടൂർ റോഡ്

തെക്ക്: പുതുശ്ശേരി ഭാഗം ചാലിത്തോട്ടത്തിൽ തട്ടാരുപാടി

വടക്ക് : പുതുശ്ശേരി ഭാഗം കൈതമുക്ക് റോഡ്

**ഓഡിറ്റിംഗിന് തിരഞ്ഞെടുത്ത പ്രവർത്തികൾ**

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | പ്രവർത്തിയുടെ കോഡ് | എസ്റ്റിമേറ്റ് തുക | ചിലവഴിച്ച തുക | തൊഴിൽ ദിനം |
|---|---|---|---|---|---|
| 1 | കിണർ നിർമാണം | IF/391542 | 78250 | 36600 | 39 |
| 2 | കിണർ നിർമാണം | IF/390554 | 78250 | 35382 | 39 |
| 3 | കിണർ നിർമാണം | IF/394380 | 78250 | 36600 | 39 |

| | | | | | |
|---|---|---|---|---|---|
| 4 | മൺ കൈയ്യാല നിർമാണം | LD/313626 | 286639 | 250885 | 928 |
| 5 | മൺ കൈയ്യാല നിർമാണം | LD/253886 | 277639 | 257509 | 928 |
| 6 | കാലിത്തൊഴുത് നിർമാണം | IF/395541 | 112903 | 112073 | 34 |
| 7 | ആട്ടിൻകൂട് നിർമാണം | IF/395600 | 115027 | 87529 | 41 |
| 8 | വ്യക്തിഗത കക്കൂസ് നിർമാണം | IF/363143 | 12002 | 11799 | 5 |
| 9 | വ്യക്തിഗത കക്കൂസ് നിർമാണം | IF/369431 | 12002 | 11755 | 5 |
| 10 | കല്ല് കൈയ്യാല നിർമാണം | IF/372172 | 133538 | 59960 | 10 |
| 11 | ലൈഫ് ഭവന പദ്ധതി | IF/363721 | 25390 | 24390 | 90 |
| 12 | ഭൂമി തട്ട് തിരിക്കൽ | LD/333797 | 325963 | 272689 | 1094 |
| 13 | ഭൂമി തട്ട് തിരിക്കൽ | LD/333786 | 325963 | 256129 | 1094 |
| 14 | കല്ല് കൈയ്യാല നിർമാണം | IF/372165 | 133538 | 59960 | 10 |
| 15 | കയർ ഭൂ വസ്ത്രം ഉപയോഗിച്ച് തോടിന്റെ ഭിത്തി സംരക്ഷണം | FP/114399 | 307016 | 304101 | 1068 |

## പഞ്ചായത്ത് സൂക്ഷിക്കേണ്ട 7 രജിസ്റ്ററുകൾ

കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം താഴെപ്പറയുന്ന രജിസ്റ്ററുകൾ ഗ്രാമപഞ്ചായത്തിൽ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്

1. തൊഴിൽ നൽകാനുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റർ

2. പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങൾ സംബന്ധിച്ച രജിസ്റ്റർ

3.സ്ഥിര ആസ്തി രജിസ്റ്റർ

4.ഗ്രാമസഭാ രജിസ്റ്റർ

5.തൊഴിൽ ആവശ്യപ്പെടുന്നതും തൊഴിൽ കൊടുക്കുന്നത് സംബന്ധിച്ച രജിസ്റ്റർ

6.പരാതി രജിസ്റ്റർ

7. സാധന രജിസ്റ്റർ

7 രജിസ്റ്ററുകൾ പഞ്ചായത്തിൽ നിന്ന് ലഭിച്ചില്ല, അതിനാൽ പ്രവർത്തികളുടെ വിവരങ്ങൾ രജിസ്റ്ററുകളിൽ രേഖപെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചില്ല.

## <u>സോഷ്യൽ ഓഡിറ്റ് ഫയൽ പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ</u>

| | |
|---|---|
| കവർപേജ് | ഒരു കവർ പേജിൽ ഉണ്ടായിരിക്കേണ്ട പ്രധാന വസ്തുത എല്ലാം തന്നെ ഉണ്ടായിരുന്നു.ജിയോ ടാഗിംഗ് അസ്സറ്റിന്റെ അസറ്റ് ഐഡി ഉണ്ടായിരുന്നില്ല. |
| ചെക്ക് ലിസ്റ്റ് ഓഫ് ഡോക്യുമെന്റ്സ് | പരിശോധിച്ച പ്രവർത്തി ഫയലുകളിൽ ചെക്ക്ലിസ്റ്റ് കാണാൻ സാധിച്ചു എന്നാൽ ഒന്നിനും പേജ് നമ്പർ നൽകിയിട്ടില്ലായിരുന്നു . |
| വാർഷിക കർമ്മ പദ്ധതിയുടെ പകർപ്പ് | വാർഷിക കർമ്മ പദ്ധതിയുടെ പകർപ്പ് ഒരു |

| | |
|---|---|
| | ഫയലിൽ(ഭൂമി തട്ട് തിരിക്കൽ, LD/333786) ഒഴിച്ച് ബാക്കി ഒന്നിലും ഉണ്ടായിരുന്നില്ല. |
| വിശദമായ സാങ്കേതിക എസ്റ്റിമേറ്റിന്റെ പകർപ്പ് | വിശദമായ സാങ്കേതിക എസ്റ്റിമേറ്റിന്റെ പകർപ്പ് പരിശോധിച്ച് പ്രവർത്തി ഫയലിലും കാണുവാൻ സാധിച്ചു സക്യൂറിൽ നിന്നും ലഭിച്ച കോപ്പിയായിരുന്നു. ഫയലിൽ സൂക്ഷിച്ചിരുന്നത്. ഇതിൽ സീൽ, ഒപ്പ്, തീയതി, എന്നിവ രേഖപ്പെടുത്തിയിരുന്നില്ല. എസ്റ്റിമേറ്റ് കവർപേജ് ഉണ്ടായിരുന്നു. പ്രോജക്ട് റിപ്പോർട്ട് അഥവാ എസ്റ്റിമേറ്റ് റിപ്പോർട്ട് ഉണ്ടായിരുന്നില്ല. എസ്റ്റിമേറ്റിൽ ഡ്രോയിങ് ഡിസൈൻ സർവ്വേ ഡേറ്റാ എന്നിവ ഉണ്ട്. |
| ജനകീയ എസ്റ്റിമേറ്റ് | ഫയലുകളിൽ ജനകീയ ഭാഷയിലുള്ള എസ്റ്റിമേറ്റ് കാണാൻ സാധിച്ചില്ല. |
| സാങ്കേതിക | സാങ്കേതിക |

| | |
|---|---|
| അനുമതിയുടെ പകർപ്പ് | അനുമതിയിൽ സാങ്കേതിക വിദഗ്ധന്റെ സീൽ തീയതിയോട് കൂടിയ ഒപ്പ് എന്നിവയില്ലായിരുന്നു. പഞ്ചായത്ത് ഓവർസിയർ ടെക്നിക്കൽ കമ്മിറ്റി അംഗം, എൽ എസ് ജി ഡി. എൻജിനീയർ, മറ്റ് ടെക്നിക്കൽ അംഗങ്ങൾ എന്നിവരുടെ വിവരവും ഉണ്ടായിരുന്നു. |
| ഭരണാനുമതി | ഫയൽ പരിശോധനയ്ക്ക് വിധേയമാക്കിയ എല്ലാ ഫയലിലും ഭരണാനുമതിയുടെ പകർപ്പ് ഉണ്ടായിരുന്നു.ഒപ്പും സീലും ഉണ്ടായിരുന്നില്ല. |
| സംയോജിത പദ്ധതി | പരിശോധിച്ച പ്രവർത്തികളിൽ ലൈഫ് ഭവന നിർമാണം ഒഴിച്ച് ബാക്കി ഉള്ള പ്രവർത്തികൾ സംയോജിത പദ്ധതിയിൽ ഉൾപ്പെട്ടതായിരുന്നില്ല. |
| തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷയും അനുവദിച്ച രേഖയും | തൊഴിലാളികൾ ഗ്രൂപ്പ് ആയിട്ടാണ് തൊഴിലിന് അപേക്ഷിച്ചിരിക്കുന്നത്, കൂടാതെ വ്യക്തിഗത |

| | |
|---|---|
| | അപേക്ഷകളും കാണാൻ കഴിഞ്ഞു. അപേക്ഷയിൽ തൊഴിൽ കാർഡ് ഉടമയുടെ പേര്, കാർഡ് നമ്പർ, ഒപ്പ് മുതലായവ കണ്ടു. തൊഴിൽ അനുവദിച്ച രസീത് ഉൾപ്പെടുത്തിയിരുന്നു. തൊഴിലിന് അപേക്ഷിച്ച തീയതിയും അനുവദിച്ച തീയതിയും ഒന്നു തന്നെ ആയിരുന്നു. |
| ഇ -മസ്റ്റർറോളിൽ | പ്രവൃത്തിയുമായി ബന്ധപ്പെട്ട മസ്റ്റർറോൾ കൾപ്രവൃത്തി ഫയലിലും കാണുവാൻ സാധിച്ചു.<br>**<u>1) കിണർ നിർമ്മാണം(IF/390554)</u>**<br>കോപ്പി ഓഫ് ഇ - മസ്റ്റ് റോൾ 6 എണ്ണം ഉണ്ടായിരുന്നു ,<br>* എം ബുക്ക് നമ്പരും പേജ് നമ്പരും ഉണ്ടായിരുന്നില്ല.<br>* സാങ്കേതിക വിദഗ്ദന്റെ ഒപ്പും സീലും ഉണ്ടായിരുന്നില്ല.<br>**<u>2)കാലിത്തൊഴുത്ത് നിർമ്മാണം(IF/395541)</u>**<br>ഇ - മസ്റ്റ് റോൾ<br>പകർപ്പിൽ |

| | |
|---|---|
| | * എം ബുക്ക് നമ്പരും പജേ് നമ്പരും ഉണ്ടായിരുന്നില്ല.<br>* ചക്കെിംഗ് ഓഫീഷ്യൽസിന്റെ ഒപ്പും സീലും ഉണ്ടായിരുന്നില്ല.<br>**<u>3) വ്യക്തിഗത കക്കൂസ് നിർമ്മാണം(IF/363143)</u>**<br>കോപ്പി ഓഫ് ഇ - മസ്റ്റ് റോളിൽ,<br>* എം ബുക്ക് നമ്പരും പജേ് നമ്പരും ഉണ്ടായിരുന്നില്ല.<br>* ചക്കെിംഗ് ഓഫീഷ്യൽ സിന്റെ ഒപ്പും സീലും ഉണ്ടായിരുന്നില്ല.<br>**<u>4)കിണർ നിർമ്മാണം(IF/391542)</u>**<br>ഇ - മസ്റ്റ് റോളിൽ,<br>* എം ബുക്ക് നമ്പരും പജേ് നമ്പരും |

| | |
|---|---|
| | ഉണ്ടായിരുന്നില്ല.<br><br>* ചക്കിംഗ്<br><br>ഓഫീഷ്യലിന്റെ  ഒപ്പും<br><br>സീലും ഉണ്ടായിരുന്നില്ല.<br><br>**<u>5)ആട്ടിൻ കൂട്</u>**<br><br>**<u>നിർമ്മാണം(IF/395600)</u>**<br><br>ഇ - മസ്റ്ററോൾ 8 എണ്ണം<br><br>ഉണ്ടായിരുന്നു ,<br><br>* എം ബുക്ക് നമ്പരും പജേ<br><br>നമ്പരും<br><br>ഉണ്ടായിരുന്നില്ല.<br><br>* ചക്കിംഗ് ഓഫീഷ്യൽ<br><br>സിന്റെ ഒപ്പും സീലും<br><br>ഉണ്ടായിരുന്നില്ല.<br><br>*മസ്റ്റർ റോൾ നമ്പർ<br><br>18685, 18686, 18687 സമെി<br><br>സ്കിൽഡ് ലബേർ ന്റെ<br><br>ഡയെിലി അറ്റന്റൻസിൽ<br><br>തിരുത്തൽ ഉണ്ട്.<br><br>*മസ്റ്റർ റോൾ നമ്പർ<br><br>18684 ഇൽ റോയ്,<br><br>സ്വർണ്ണമ്മ |

| | |
|---|---|
| | എന്നിവരുടെ ടോട്ടൽ<br>അറ്റന്റൻസിൽ തിരുത്ത്<br>ഉണ്ട്.<br>**6)കല്ല് കയ്യാല**<br>**നിർമ്മാണം(IF/372172)**<br>കോപ്പി ഓഫ് ഇ - മസ്റ്റ്<br>റോൾ 7 എണ്ണം<br>ഉണ്ടായിരുന്നു ,<br>* എം ബുക്ക് നമ്പരും പേജ്<br>നമ്പരും<br>ഉണ്ടായിരുന്നില്ല.<br>* ചെക്കിംഗ് ഓഫീഷ്യൽ<br>സിന്റെ ഒപ്പും സീലും<br>ഉണ്ടായിരുന്നില്ല.<br>**7)കല്ല് കയ്യാല**<br>**നിർമ്മാണം(LD/372165)**<br>കോപ്പി ഓഫ് ഇ - മസ്റ്റ്<br>റോൾ 10 എണ്ണം<br>ഉണ്ടായിരുന്നു ,<br>* എം ബുക്ക് നമ്പരും പേജ്<br>നമ്പരും<br>ഉണ്ടായിരുന്നില്ല. |

| | |
|---|---|
| | 8) **<u>മൺ കയ്യൊലാല</u>**<br><br>**<u>നിർമ്മാണം(LD/313626)</u>**<br><br>ഇ - മസ്റ്റ് റോൾ 6 എണ്ണം<br><br>ഉണ്ടായിരുന്നു ,<br><br>* എം ബുക്ക് നമ്പരും പജേ<br><br>നമ്പരും<br><br>ഉണ്ടായിരുന്നില്ല.<br><br>**<u>9)കയർ ഭൂ വസ്ത്രം ഉപയോഗിച്ച് തോടിന് ഭിത്തി ബലപ്പെടുത്തൽ (FP/144399)</u>**<br><br>കോപ്പി ഓഫ് ഇ - മസ്റ്റ് റോൾ 8 എണ്ണം ഉണ്ടായിരുന്നു<br><br>* എം ബുക്ക് നമ്പരും പേജ് നമ്പരും ഉണ്ടായിരുന്നില്ല.<br><br>* ചെക്കിംഗ് ഓഫീഷ്യൽ സിന്റെ ഒപ്പും സീലും ഉണ്ടായിരുന്നില്ല.<br><br>* മസ്റ്റർ റോൾ.14890 - (അമ്പിളി, ലക്ഷ്മി ) ദിവസ ഹാജർ ഇൽ വെട്ടിതിരുത്തുണ്ട്<br><br>* മസ്റ്റർ റോൾ:14892ൽ സുമതിയുടെ ദിവസ ഹാജർ ഇൽ വെട്ടിത്തിരുത്തുണ്ട്.<br><br>* മസ്റ്റർ റോൾ:14893 ശ്യാമള.പി ഹാജർ ഇൽ വെട്ടിത്തിരുത്തുണ്ട്. |

| | |
| --- | --- |
| | * മസ്റ്റർ റോൾ:16699 വിജയകുമാരി സി ഹാജർ ഇൽ വെട്ടിതിരുത്തുണ്ട്.<br><br>* മസ്റ്റർ റോൾ:16700 ബിന്ദു. ജി, രാധിക.ആർ ദിവസ ഹാജർ ഇൽ വെട്ടിതിരുത്തുണ്ട്.<br><br>**<u>10) ഭൂമി തട്ട് തിരിക്കൽ( LD/333786)</u>**<br><br>കോപ്പി ഓഫ് ഇ - മസ്റ്റ് റോൾ 16 എണ്ണം ഉണ്ടായിരുന്നു ,<br><br>* എം ബുക്ക് നമ്പരും പേജ് നമ്പരും ഉണ്ടായിരുന്നില്ല.<br><br>* സാങ്കേതിക വിദഗ്ദന്റെ ഒപ്പും സീലും ഉണ്ടായിരുന്നില്ല.<br><br>* മസ്ട്രോൾ നമ്പർ: 18250 ൽ കാർഡ് നമ്പർ 009/ 22 ,ഓമനയുടെ ആകെ വേതനത്തിൽ വെട്ടിത്തിരുത്തുണ്ട്.<br><br>* മസ്റ്റർ റോൾ.18252 ൽ, 009/22 കാർഡ് ഉടമ ഓമനയുടെ ഹാജരിൽ ഒപ്പ് വെട്ടിത്തിരുത്ത് ഉണ്ട്.<br><br>*മസ്ട്രോൾ നമ്പർ : 20333,009/10 ഉഷാകുമാരിയുടെയും 009/11 ലീലാമ്മ തോമസിനെയും ആകെ വേതനത്തിൽ വെട്ടിത്തിരുത്ത് ഉണ്ട്.<br><br>*009/241, രമ പി.യുടെയും |

| | |
|---|---|
| | 009/30<br>വിലാസിനിയുടെയും ആകെ വേതനത്തിൽ തിരുത്ത് ഉണ്ട്.<br><br>11)**<u>ലൈഫ് ഭവന പദ്ധതി (IF/363721)</u>**<br><br>കോപ്പി ഓഫ് ഇ - മസ്റ്റ് റോൾ 8 എണ്ണം ഉണ്ടായിരുന്നു ,<br><br>* എം ബുക്ക് നമ്പരും പേജ് നമ്പരും ഉണ്ടായിരുന്നില്ല.<br><br>* സാങ്കേതിക വിദഗ്ദന്റെ ഒപ്പും സീലും ഉണ്ടായിരുന്നില്ല.<br><br>**<u>12) മൺ കൈയ്യാല നിർമാണം (LD/253886)</u>**<br><br>കോപ്പി ഓഫ് ഇ - മസ്റ്ററോൾ ഉണ്ടായിരുന്നു ,<br><br>* എം ബുക്ക് നമ്പരും പേജ് നമ്പരും ഉണ്ടായിരുന്നില്ല.<br><br>* ചെക്കിംഗ് ഓഫീഷ്യൽസിന്റെ ഒപ്പും സീലും ഉണ്ടായിരുന്നില്ല.<br><br>* മസ്റ്റർ റോൾ നമ്പർ 8209 - KL - 12-OO6-02-009/3I - മണി - ഹാജർ, പ്രവർത്തി ദിനം എന്നിവയിൽ തിരുത്തുണ്ട്.<br><br>* മസ്റ്റർ റോൾ നമ്പർ: 009/160- അംബിക - ഹാജർ തിരുത്തുണ്ട്.<br><br>* മസ്റ്റർ റോൾ നമ്പർ 9725 - |

| | |
|---|---|
| | രണ്ടാമത്തെ പേജിൽ ആകെ പ്രവർത്തി ചെയ്ത ദിവസം തിരുത്തിയിട്ടുണ്ട്.009/28- പൊടിപെണ്ണ് - പ്രവർത്തി ദിനം, ഷാർപ്പനിംഗ് ചാർജ്ജ്, ആകെ തുക എന്നിവ തിരുത്തിയിട്ടുണ്ട്.<br><br>**<u>13) ഭൂമി തട്ട് തിരിക്കൽ (LD/333797)</u>**<br><br>കോപ്പി ഓഫ് ഇ - മസ്റ്റ് റോൾ 4 എണ്ണം ഉണ്ടായിരുന്നു<br><br>* മസ്റ്റർ റോൾ നമ്പർ:18253 ദിവസവേതനം ആർക്കും തന്നെ രേഖപ്പെടുത്തിയിട്ടില്ലായിരുന്നു.<br><br>* മസ്റ്റർ റോൾ നമ്പർ:18254 ഇൽ പേജുകൾക്ക് വ്യക്തത ഉണ്ടായിരുന്നില്ല.<br><br>* എം ബുക്ക് നമ്പരും പേജ് നമ്പരും ഉണ്ടായിരുന്നില്ല.<br><br>* സാങ്കേതിക വിദഗ്ദന്റെ ഒപ്പും സീലും ഉണ്ടായിരുന്നില്ല.<br><br>**<u>14) വ്യക്തിഗത കക്കൂസ് നിർമ്മാണം(IF/369431)</u>**<br><br>കോപ്പി ഓഫ് ഇ - മസ്റ്റ് റോൾ 2 എണ്ണം ഉണ്ടായിരുന്നു ,<br><br>* എം ബുക്ക് നമ്പരും പേജ് നമ്പരും |

| | |
|---|---|
| | ഉണ്ടായിരുന്നില്ല.<br><br>* സാങ്കേതിക വിദഗ്ദന്റെ ഒപ്പും സീലും ഉണ്ടായിരുന്നില്ല.<br><br>**<u>15) കിണർ നിർമ്മാണം(IF/394380)</u>**<br><br>ഇ-മസ്ട്രോൾ ആകെ എണ്ണം :6<br><br>* മസ്ട്രോളിൽ വെട്ടിത്തിരുത്തലുകൾ കാണപ്പെട്ടു.ആകെ 5 മസ്ട്രോളിൽ വെട്ടിത്തിരുത്തലുകൾ ഉണ്ട്.<br><br>4 മസ്ട്രോളുകളിൽ, തൊഴിൽദിവസങ്ങളിൽ ആണ് തിരുത്തലുകൾ കണ്ടത്.<br><br>1.മസ്ട്രോൾ നമ്പർ : 17683,സജി,ഒപ്പ് വെട്ടിത്തിരുത്തി പൊതു അവധി രേഖപ്പെടുത്തിയിരിക്കുന്നു.<br><br># മസ്ട്രോൾ ഫോർ സ്കിൽഡ്/സെമി സ്കിൽഡ് ലേബർ - 2.മസ്ട്രോൾ നമ്പർ : 17684,<br><br>കുഞ്ഞുകുഞ്ഞ്,അഖിൽ - മസ്ട്രോളിലെ 1,2,3 എന്നീ ദിവസങ്ങളിൽ ഒപ്പ് രേഖപ്പെടുത്തിയിരുന്നത് അവധി ആക്കി തിരുത്തിയിരിക്കുന്നു.<br><br>3.മസ്ട്രോൾ നമ്പർ : 17685,കുഞ്ഞുകുഞ്ഞ്,അ |

| | |
|---|---|
| | ഖിൽ - 2ആം ദിവസം ഒപ്പ് വെട്ടിത്തിരുത്തി അവധി രേഖപ്പെടുത്തിയിരിക്കുന്നു.<br><br>4.മസ്ട്രോൾ നമ്പർ : 17686,കുഞ്ഞു കുഞ്ഞ്,അഖിൽ - രണ്ടാം ദിവസം ഒപ്പ് വെട്ടിത്തിരുത്തി അവധി രേഖപ്പെടുത്തിയിരിക്കുന്നു.<br><br>#മസ്ട്രോൾ നമ്പർ : 17682,സജി - ആകെ തുക വെട്ടിത്തിരുത്തി എഴുതിയിരിക്കുന്നു.<br><br>* പരിശോധിച്ച മസ്ട്രോളിലൊന്നും മെഷർമെന്റ് ബുക്ക് നമ്പർ,പേജ് നമ്പർ,മെഷർമെന്റ് തീയതി,മേറ്റിന്റെ ഒപ്പ് എന്നിവയൊന്നും രേഖപ്പെടുത്തിയിട്ടില്ല. |
| മെഷർമെന്റ് ബുക്ക് | ഫയലുകളിൽ എല്ലാം തന്നെ എം ബുക്ക് ഉണ്ടായിരുന്നു. അതിൽ തിരുത്തലുകൾ ഒന്നും തന്നെ ഇല്ലായിരുന്നു.സാങ്കേതിക അനുമതി നമ്പറും ഭരണാനുമതി നമ്പറും രേഖപെടുത്തിയിരുന്നില്ല. |

| | |
|---|---|
| സാധനസാമഗ്രികളക്കെുറിച്ചു ള്ള വിവരങ്ങൾ | ഫയലുകൾ നോക്കിയതിൽ സാധന സാമഗ്രികളുടെ വൗച്ചറും ബില്ലും ഉണ്ടായിരുന്നു. |
| വജേ് ലിസ്റ്റ് | ഫയലുകൾ നോക്കിയതിൽ വജേ് ലിസ്റ്റ് പരിശോധിച്ചപ്പോൾ MIS ൽ നിന്നും എടുത്ത വജേ് ലിസ്റ്റ് പകർപ്പ് ഉണ്ടായിരുന്നു. |
| ഫണ്ട് ട്രാൻസ്ഫർ ഓർഡർ | ഫയൽ പരിശോധനയിൽ എല്ലാ പ്രവർത്തിക്കും ഫണ്ട് ട്രാൻസ്ഫർ ഓർഡർ ഉണ്ടായിരുന്നു. |
| റോയൽറ്റി | വ്യക്തിഗത ഗുണഭോക്താക്കളുടെ കരം അടച്ച രസീത് പകർപ്പ് പ്രവർത്തി ഫയലിലും സൂക്ഷിച്ചിട്ടുണ്ട്. |
| മൂന്ന് ഘട്ട ഫോട്ടോഗ്രാഫ് | പരിശോധിച്ച പ്രവർത്തി ഫയലിൽ 8 പ്രവർത്തിയുടെ 3 ഘട്ട ഫോട്ടോഗ്രാഫുകൾ സൂക്ഷിച്ചിട്ടുണ്ട്. ബാക്കി 7 പ്രവർത്തിയുടെ ഫോട്ടോഗ്രാഫുകൾ ഉണ്ടായിരുന്നില്ല. |
| പ്രവർത്തി പൂർത്തീകരണ | പരിശോധിച്ച പ്രവർത്തി ഫയലുകളിൽ |

| | |
|---|---|
| സാക്ഷ്യപത്രം | പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം ഉണ്ടായിരുന്നു.ഒപ്പും സീലും രഖേപ്പടുെത്തിയിട്ടുണ്ട്.. |
| മസ്റ്റർ റ◌ോൾ മൂവ്മന്െറ് സ്ലിപ്പ്/ ഫയൽ ട്രാക്കിംഗ് ഫ◌ോം | ഫയൽ പരിശ◌ോധനയിൽ 5 പ്രവർത്തിയുടട മസ്റ്റ് റ◌ോൾ മൂവ്മന്െറ് സ്ലിപ്പ് കാണുവാൻ സാധിച്ചു.ബാക്കിയുള്ളവയിൽ മസ്റ്റർ റ◌ോൾ മൂവ്മന്െറ് സ്ലിപ് ഉണ്ടായിരുന്നില്ല. |
| ജിയ◌ോ ടാഗ് ഫ◌ോട്ട◌ോഗ്രാഫുകൾ | പരിശ◌ോധിച്ച പ്രവർത്തി ഫയലുകളിൽ ജിയ◌ോ ടാഗ് ഫ◌ോട്ട◌ോഗ്രാഫ് കാണുവാൻ സാധിച്ചില്ല. |
| സ◌ോഷ്യൽ ഓഡിറ്റ് റിപ്പ◌ോർട്ട് | പ്രവൃത്തിയുമായി ബന്ധപ്പട്ടെ സ◌ോഷ്യൽ ഓഡിറ്റ് റിപ്പ◌ോർട്ട് പ്രവർത്തി ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല |
| സറ്റൈ് ഡയറി | മറ്റെീരിയൽ പ്രവർത്തി ഫയലുകളിൽ സറ്റൈ് ഡയറികൾ ഉണ്ടായിരുന്നില്ല.കക്കൂസ് നിർമാണം (IF/369431) ഇൽ എ ഡി എസ് ന്റെ |

| | |
|---|---|
| | പരേും ഒപ്പും രഖേപടെുത്തിയിട്ടില്ല. ബാക്കിയുള്ളവയിൽ സറൈ്റ് ഡയറി ഉൾപ്പടെുത്തിയിരുന്നു. |

**<u>പ്രധാന കണ്ടെത്തലുകൾ</u>**

1. പ്രദേശത്തെ വീടുകളിൽ സന്ദർശിച്ചപ്പോൾ തൊഴിലുറപ്പിനെ കുറിച്ച് അറിവുണ്ടായിരുന്നു എങ്കിലും അവരുടെ വീടുകളിൽ തൊഴിലുറപ്പ് വഴി ചെയ്യാൻ പറ്റുന്ന പ്രവർത്തികൾ ഉണ്ട് എന്ന് അറിയില്ലായിരുന്നു.

2. മെറ്റീരിയൽ വർക്കുകൾ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു.

3. തൊഴിലാളികൾക്ക് അവരുടെ അവകാശത്തെ കുറിച്ച് വളരെ പരിമിതമായ അറിവു മാത്രമേ ഉണ്ടായിരുന്നുള്ളൂ

4. 260 തരം പ്രവർത്തികൾ ഉണ്ട് എങ്കിലും അതിൽ വളരെ കുറച്ച് പ്രവർത്തികളെ കുറച്ച് മാത്രമേ തൊഴിലുറപ്പ് തൊഴിലാളികൾക്ക് അറിവ് ഉണ്ടായിരുന്നുള്ളൂ.

6. തൊഴിലുറപ്പ് AE പഞ്ചായത്ത് മെമ്പർ എന്നിവർ എല്ലാം പ്രോജക്ട് മീറ്റിംഗിൽ പങ്കെടുക്കുന്നതായി കണ്ടെത്തി.

8. ഈ വാർഡിൽ എപിഎൽ കുടുംബങ്ങൾക്കും തൊഴിലുറപ്പു പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ ചെയ്ത് നൽകിയിട്ടുണ്ട്.

9. പരിശോധിച്ച മാസ്ട്രോളിൽവെട്ടി തിരുത്തലുകൾ കണ്ടെത്തി.

11. മിക്ക മാസ്ട്രോളിലും പഞ്ചായത്ത് സെക്രട്ടറിയുടെ പേര് ഒപ്പ് സീൽ എന്നിവ രേഖപ്പെടുത്തിയിട്ടില്ല

**<u>ഫീൽഡ് സന്ദർശനത്തിൽ കണ്ടെത്തിയത്</u>**

എസ്റ്റിമേറ്റ് പ്രകാരം 15 പ്രവൃത്തികളുടെ ഫയലും പ്രവൃത്തി സ്ഥലവും പരിശോധിക്കുകയുണ്ടായി.

**കയർ ഭൂവസ്ത്രം ഉപയോഗിച്ച് തോടിന്റെ ഭിത്തി സംരക്ഷണം,ലൈഫ് ഭവന പദ്ധതി,കക്കൂസ് നിർമാണം,കിണർ നിർമാണം,മൺ കയ്യാല, കല്ലുകയ്യാല, തട്ട് തിരിക്കൽ,ആട്ടിൻകൂട് നിർമാണം,കാലിത്തൊഴുത്ത് നിർമാണം തുടങ്ങിയവയായിരുന്നു പ്രവൃത്തികൾ.**

*പരിശോധിച്ചതിൽ ഒരു കിണർ നിർമാണം ഒഴികെ ബാക്കിയെല്ലാ പ്രവൃത്തികളും ചെയ്തതായി കാണാൻ കഴിഞ്ഞു.

*കിണർ നിർമാണ പ്രവർത്തിയിൽ രതി(IF/391542), രമ (390554) എന്നിവരുടെ കിണറുകൾ പണി പൂർത്തിയാക്കി ഉപയോഗിച്ച് തുടങ്ങിയതായി കാണാൻ കഴിഞ്ഞു.

*വർക്ക് സൈറ്റ് പരിശോധനയിൽ സജി എന്ന ഉപഭോക്താവിന്റെ (IF/394380) കിണറിന് മുഴുവൻ തുകയും അനുവദിച്ച് കിട്ടിയെങ്കിലും ഉപയോഗശൂന്യമായ നിലയിൽ കിണറിന്റെ പണി പൂർത്തിയാകാതെ കിടക്കുന്നത് കണ്ടു.

*കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള തോടിന്റെ ഭിത്തി സംരക്ഷണ പ്രവൃത്തിയിൽ 100m കയർ ഭൂവസ്ത്രം അളക്കാൻ സാധിച്ചു.കൂടാതെ പുല്ലും അതിൽ വച്ചു പിടിപ്പിച്ചിട്ടുള്ളതായി കാണാൻ കഴിഞ്ഞു.

*പരിശോധിച്ച ശ്യാമളയുടെ (IF/369431) കക്കൂസ് നിർമാണത്തിന്റെ മുഴുവൻ പണിയുടെ ഫണ്ട് കിട്ടിയിട്ടും ഉൾവശവും മുൻവശവും തേച്ചിട്ടേക്കുകയാണെങ്കിലും പുറത്തെ മറ്റുവശങ്ങൾ തേച്ചിട്ടില്ല.വാതിൽ ഉറപ്പിച്ചിട്ടില്ലാത്ത നിലയിലാണ്.ശശിയുടെ(IF/363143)) കക്കൂസ് നിർമാണത്തിന്റെ പണി പൂർത്തിയാക്കി ഉപയോഗിച്ചു തുടങ്ങിയിട്ടുണ്ട്.

*ആട്ടിന്കൂട് നിർമാണത്തിൽ ശശികലയുടെ (IF/395600) ആട്ടിൻകൂട് നിർമിച്ച് ഇതുവരെയും മുഴുവൻ തുക അനുവദിച്ചില്ലെന്ന് ഉപഭോക്താവ് പറഞ്ഞു. ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്.

* കാലിത്തൊഴുത്ത് നിർമ്മാണത്തിൽ തൊഴുത്തിന്റെ പണി പൂർത്തിയായി ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്.

* ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള വീടുപണി ഇനിയും പൂർത്തീകരിച്ചിട്ടില്ല, പണം മുഴുവൻ ലഭിച്ചതാണ് .

* മൺ കയ്യാല നിർമ്മാണത്തിൽ കയ്യാല മഴയിൽ ഇടിഞ്ഞ് ഉയരം കുറഞ്ഞതായി കാണാൻ സാധിച്ചു. എല്ലാ ഉപഭോക്താക്കളുടെ വീട്ടിലും മൺ കയ്യാല നിർമ്മിച്ചിട്ടുള്ളതായി കാണാൻ കഴിഞ്ഞു.

* ഭൂമി തട്ട് തിരിക്കൽ പ്രവർത്തിയിൽ എല്ലാ ഉപഭോക്താക്കളുടെ വസ്തുവിലും ഭൂമിതട്ട് തിരിച്ചതായി കാണാൻ സാധിച്ചു.

* ഫീൽഡ് സന്ദർശനത്തിനു പോയപ്പോൾ കാണാൻ കഴിഞ്ഞ എപിഎൽ വിഭാഗത്തിൽ പെട്ട ഉപഭോക്താക്കളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

- ശശികല, ശ്യം നിവാസ് (ആട്ടിൻകൂട് നിർമാണം )

- ഗൗരികുട്ടി,രാജനേ്ദ്ര ഭവനം(തട്ട് തിരിക്കൽ )
- കുഞ്ഞുമോൾ മാത്തുക്കുട്ടി,ജോബിൻ ഭവനം (തട്ട് തിരിക്കൽ)
- ഇന്ദിര, മണക്കാട്ട് (മൺ കയ്യാല നിർമാണം )
- മിനി വർഗ്ഗീസ്, ചാലി തോട്ടത്തിൽ(മൺ കയ്യാല നിർമാണം )

## വാർഡ് നടത്താവുന്ന പ്രവർത്തികൾ

* കമ്പോസ്റ്റ് കുഴികൾ നിർമ്മാണം

*റോഡ് സൈഡ് സംരക്ഷണത്തിനായി ഷെൽട്ടർ ബെൽറ്റ് മരങ്ങൾ വച്ചുപിടിപ്പിക്കൽ

*തുറന്ന കിണറുകളുടെ പരിപോഷണം

*വാട്ടർ അബ്സോർപ്ഷൻ ചാലുകൾ

## സിറ്റിസൺ ഇൻഫർമേഷൻ ബോർഡുകൾ

1) പ്രവർത്തി സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ടായിരുന്ന സിറ്റിസൺ ഇൻഫർമേഷൻ ബോർഡുകൾ എല്ലാം തന്നെ പ്രവർത്തിയുടെ വിവരങ്ങളെല്ലാം പൂർണ്ണമായ രേഖപ്പെടുത്തിയതും, ശരിയായ രീതിയിൽ സ്ഥാപിച്ചിട്ടുള്ളതും ആയിരുന്നു.
2) പരിശോധിച്ച ചില ഫയലുകളുടെ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഫീൽഡ് സന്ദർശനത്തിൽ കാണാൻ കഴിഞ്ഞിട്ടില്ല. സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കാത്ത പ്രവർത്തികളുടെ ലിസ്റ്റ് താഴെ ചേർക്കുന്നു,
    - കല്ല് കയ്യാല നിർമ്മാണം( സുരേന്ദ്രൻ, IF/372165)
    - കല്ല് കയ്യാല നിർമ്മാണം( വിദ്യാധരൻ, (IF/372172)
    - കിണർ നിർമ്മാണം (സജി ബി, IF/394380)
    - മൺ കയ്യാല നിർമ്മാണം (LD/313626)

## നിർദ്ദേശങ്ങൾ

### A)തൊഴിലാളികൾക്ക്:

1.തൊഴിലാളികൾ കൃത്യമായി അവകാശങ്ങൾ മനസ്സിലാക്കുകയും അതുവഴി അവകാശങ്ങൾ നേടിയെടുക്കുക യും വേണം.

2. തൊഴിൽ സംബന്ധമായ ഏത് രേഖകൾ നൽകുമ്പോഴും ബന്ധപ്പെട്ട അധികാരികളിൽ നിന്ന് കൈപ്പറ്റ് രസീത് വാങ്ങേണ്ടതാണ്.

3. തൊഴിൽ ഗ്രൂപ്പായി കണ്ടെത്തി അത് ചെയ്യുവാൻ പഞ്ചായത്തിൽ തൊഴിൽ അപേക്ഷ നൽകുന്നത് വഴി 100 ദിവസത്തെ തൊഴിലുറപ്പ് ആക്കാൻ ശ്രമിക്കുക

4. ജോലി സമയത്തിൽ കൃത്യത പാലിക്കുകയും മസ്റ്റർ റോളിൽ ഒപ്പിടുകയും തൊഴിൽ കാർഡ് നൽകി കൃത്യമായി പൂരിപ്പിച്ച ശേഷം തിരികെ വാങ്ങേണ്ടതാണ്

5. ഗ്രാമസഭകളിൽ പങ്കെടുത്ത നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അറിയിക്കേണ്ടതാണ്

**<u>B)മേറ്റ്മാർക്ക്</u>**

1. സൈറ്റ് ഡയറി മസ്റ്റർ റോൾ തൊഴിൽ കാർഡ് എന്നിവ കൃത്യമായി രേഖപ്പെടുത്തുക, വെട്ടിതിരുത്തലുകൾ ഉണ്ടാകാൻ പാടില്ല

2. പരിശീലനത്തിൽ ലഭിച്ച വിവരങ്ങൾ തൊഴിലാളികൾക്ക് മനസ്സിലാക്കി കൊടുക്കുക

3. തൊഴിൽ കാർഡുകൾ പൂരിപ്പിച്ചശേഷം തൊഴിലാളികൾക്ക് നിർബന്ധമായും കാർഡുകൾ തിരികെ നൽകുക

4. ദാഹജലം തണൽ മരുന്നുകൾ ഇവ പണിസ്ഥലത്ത് ഉണ്ടെന്ന് ഉറപ്പുവരുത്തുക

5. സൈറ്റ് ഡയറി കൃത്യമായി പൂരിപ്പിക്കുന്ന തോടൊപ്പം മോണിറ്ററിങ് എത്തുന്നവരുടെ നിർദ്ദേശങ്ങളും  കൃത്യമായി രേഖപ്പെടുത്തുക.

6. മറ്റു തൊഴിലാളികൾ മേറ്റ് സ്ഥാനം ഏറ്റെടുക്കുന്നതിന് സഹായിക്കുക

**<u>C) ഉദ്യോഗസ്ഥർക്ക്</u>**

1. തൊഴിൽകാർഡ് ആവശ്യപ്പെട്ടിട്ടുള്ള എല്ലാവർക്കും 15 ദിവസത്തിനുള്ളിൽ തൊഴിൽ കാർഡ് സൗജന്യമായി നൽകുന്നു എന്ന് ഉറപ്പാക്കുക

2. പ്രവർത്തി സ്ഥലം പരിശോധിച്ച് പ്രവർത്തി ആവശ്യമെങ്കിൽ അർഹമായ വർക്ക് വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കുക

3. പദ്ധതിയുടെ പുരോഗതി കൃത്യമായി മോണിറ്ററിംഗ് ചെയ്ത നിർദ്ദേശങ്ങൾ നൽകേണ്ടതാണ്

4. ഫയലിൽ ഉൾപ്പെടുന്ന എല്ലാ രേഖകളിലും ചുമതല ഉള്ള ഉദ്യോഗസ്ഥരുടെ പേര് ഒപ്പ് സീല് തീയതി ഇവ കൃത്യമായി രേഖപ്പെടുത്തണം

5. ജനകീയ എസ്റ്റിമേറ്റ് നിർബന്ധമായും ഉണ്ടാക്കണം

6. ആനുവൽ മാസ്റ്റർ സർക്കുലറിൽ പരാമർശിച്ച രീതിയിൽ പ്രവർത്തി ഫയലിൽ

സൂക്ഷിക്കേണ്ട 22 രേഖകൾ കൃത്യമായി സൂക്ഷിക്കണം.

7. പ്രവർത്തി ആരംഭ മീറ്റിംഗിൽ പ്രവർത്തിയെ കുറിച്ച് കൃത്യമായി തൊഴിലാളികളെ പറഞ്ഞു മനസ്സിലാക്കേണ്ടതാണ്.

8. ലേബർ ബഡ്ജറ്റ്, വാർഷിക കർമ്മ പദ്ധതി, പ്രോജക്ട് വർക്ക് കലണ്ടർ എന്നിവ തയ്യാറാക്കുന്നതിൽ തൊഴിലാളികളുടെയും ഗുണഭോക്താക്കളുടെയും പങ്ക് ഉറപ്പിക്കേണ്ടത് ആണ്

9.AMC ചാപ്റ്റർ 6 പ്രകാരം മാറിവരുന്ന കാലാവസ്ഥ വ്യതിയാനങ്ങളെ മുൻനിർത്തി വേണം പ്രവർത്തിയുടെ രൂപ രേഖ തയ്യാറാക്കേണ്ടത്. നിയമപ്രകാരം 4 വർഷമാണ് ഒരു ബണ്ടിന്റെ കാലാവധി

10. ഷെഡ്യൂൾ 1, സെക്ഷൻ 4(3) പ്രകാരം ആവർത്തന പ്രവർത്തികൾ തിരഞ്ഞെടുക്കാൻ പാടില്ല.

11. ഷെഡ്യൂൾ 1, സെക്ഷൻ 25 A(1), ഷെഡ്യൂൾ 2, സെക്ഷൻ 22(4) പ്രകാരം സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് എല്ലാ പ്രവർത്തിക്കും സ്ഥാപിക്കേണ്ടതാണ്.

**<u>D) ഗ്രാമ പഞ്ചായത്തിനോട്</u>**

1. കൃത്യമായി  സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ നടത്തുക

2. ഇപ്പോഴുള്ള വിജിലൻസ് മോണിറ്ററിംഗ് കമ്മിറ്റി നിങ്ങളെ യഥാസമയം മാറ്റി സാമൂഹ്യ വിശ്വാസം സേവന മനസ്ഥിതിയുള്ള അംഗങ്ങളെ ഉൾപ്പെടുത്തി പുതിയ കമ്മിറ്റി രൂപീകരിക്കുക

3. സ്ഥിര  ആസ്തിയുള്ള പ്രവർത്തനങ്ങൾ തിരഞ്ഞെടുക്കണം

4. ജലസംരക്ഷണ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുക

5. തൊഴിലുപകരണങ്ങൾ ഗുണമേന്മയുള്ളതും സ്ത്രീ സൗഹൃദവും ആണെന്ന് ഉറപ്പാക്കുക

6. തുക വിനിയോഗിക്കുന്നതിന് ആപേക്ഷികമായ ആസ്തികൾ ഉണ്ടാകുന്നു എന്ന് ഉറപ്പുവരുത്തുക.

7. തൊഴിലാളികളുടെ പരാതി പരിഹാരങ്ങൾക്ക് വേണ്ടിയും ഇതുവരെ ലഭിച്ചിട്ടില്ലാത്ത ആവശ്യങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനു വേണ്ടിയും ഗ്രാമ പഞ്ചായത്ത് തലത്തിൽ ഗ്രാമ റോസ്ഗാർ  ദിവസ് നടത്തേണ്ടതാണ്.

- ഗ്രാമ പഞ്ചായത്ത് തലത്തിൽ ഗ്രാമ റോസ്ഗാർ ദിവസിന്റെ കലണ്ടർ തയ്യാറാക്കേണ്ടതാണ്.

- മാസത്തിലൊരു തവണയെങ്കിലും ഗ്രാമപഞ്ചായത്ത് തലത്തിലോ വാർഡ് തലത്തിലോ റോസ്ഗാർ ദിവസ് സംഘടിപ്പിക്കേണ്ടതാണ്.
- റോസ്ഗാർ ദിവസത്തിന്റെ മിനിട്ട് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കേണ്ടതാണ് കൂടാതെ ബന്ധപ്പെട്ട വിവരങ്ങൾ തൊഴിൽ ദിനങ്ങൾ കണക്കാക്കുന്നതിനായി എൻ ആർ ഇ ജി യെ സോഫ്റ്റിൽ കൂട്ടി ചേർക്കേണ്ടതും ആണ്.

## നീരീക്ഷണ പ്രശ്നപരിഹാര സംവിധാനങ്ങൾ

*പരാതി പരിഹാരം

സംയബന്ധിതമായ പ്രശ്നപരിഹാരം എന്നത് മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ *തൊഴിലുറപ്പു പദ്ധതിയുടെ സെക്ഷൻ 19* പ്രേകാരം തൊഴിലാളികൾക്ക് ലഭിക്കുന്ന പ്രധാന അവകാശങ്ങളിൽ ഒന്നാണ് പ്രവർത്തനവുമായി ബന്ധപ്പെട്ട ഏതു പരാതിയും പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ സമീപിച്ചാൽ പരിഹാരം നൽകണമെന്നാണ് *തൊഴിലുറപ്പു നിയമം സെക്ഷൻ 19* നിയമം അനുശാസിക്കുന്നത്. പരാതി എഴുതിയോ ഓൺലൈൻ ആയോ കൊടുക്കാവുന്നതാണ്.ലഭിച്ച പരാതികൾ എഴുതി സൂക്ഷിക്കുന്നതിയായി ഒരു പരാതി റജിസ്റ്ററും പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതായിരിക്കുന്നു .

സോഷ്യൽ ഓഡിറ്റ് ടീം അംഗങ്ങൾ പരാതി രജിസ്റ്റർ പരിശോധിച്ചതിൽ ഇതുവരെയും ഒരു പരാതിയും രേഖപ്പെടുത്തിയതായി കണ്ടില്ല. പഞ്ചായത്തിൽ ഒരു പരാതി ലഭിച്ചു കഴിഞ്ഞാൽ ഉടനെ പരാതി റജിസ്റ്ററിൽ എഴുതേണ്ടതും അഞ്ചു ദിവസത്തിനുള്ളിൽ പരാതിയിൽമേൽ ഉള്ള നടപടി സ്വീകരിക്കുകയയും ഏഴു ദിവസത്തിനുള്ളിൽ പരാതിക്കാരന് മറുപടി ലഭിക്കേണ്ടതുമാണ് .ഓരോ പതിനാലു ദിവസം കൂടുമ്പോഴും ബിപി പഞ്ചായത്തുകളിൽ എത്തി പരാതി സംബന്ധിച്ച രേഖകൾ പരിശോധിക്കേണ്ടതാണ്.

## അവകാശാധിഷ്ഠിത നിർദ്ദേശങ്ങൾ

തൊഴിൽ കാർഡ്

- *എ എം സി 2018 2019 പാരാ1 ഷെഡ്യൂൾ 2* പ്രകാരം ഗ്രാമ പ്രദേശത്ത് താമസക്കാരായ കുടുംബത്തിലെ 18 വയസ്സ് തികഞ്ഞ അവിദഗ്ദ്ധ കായിക അധ്വാനത്തിൽ ഏർപ്പെടുവാൻ താല്പര്യമുള്ള ഏതൊരാൾക്കും തൊഴിൽകാർഡ് ലഭിക്കുവാനുള്ള അവകാശമുണ്ട്.
- ഈ കാർഡിനുള്ള അപേക്ഷ പഞ്ചായത്തിൽ കൊടുക്കുകയും അപേക്ഷാഫോറത്തോടൊപ്പം അടിസ്ഥാന രേഖകൾ കൈവശം ഇല്ലാത്തവർ വാർഡ് മെമ്പർന്റെ കയ്യിൽ നിന്നും സാക്ഷ്യപത്രം വാങ്ങേണ്ടതാണ്.

- *എ എം സി 2018 2019 pa2 ഷെഡ്യൂൾ 2* പ്രകാരം അപേക്ഷ സമർപ്പിച്ച 15 ദിവസത്തിനുള്ളിൽ തൊഴിൽ കാർഡ് ലഭിക്കുന്നതിനുള്ള അവകാശവും പ്രസ്തുത തൊഴിൽ കാർഡിൽ ഫോട്ടോ പഞ്ചായത്ത് തന്നെ സൗജന്യമായി നൽകേണ്ടതുമാണ്
- ലഭ്യമായ തൊഴിൽ കാർഡിൽ കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട് എന്നും അപേക്ഷകൻ കൃത്യമായി ഉറപ്പുവരുത്തേണ്ടതാണ്
- ഈ കാർഡിന്റെ  പൂർണ്ണ അവകാശം തൊഴിൽ കാർഡ് ഉടമയ്ക്ക് മാത്രമുള്ളതും ഇത് മറ്റാരുടേയും കൈവശം വെക്കാൻ പാടില്ലാത്തതുമാണ്. എന്നാൽ തൊഴിൽ വിവരങ്ങൾ രേഖപ്പെടുത്തുവാൻ മേറ്റിന് മാത്രം തൊഴിൽ കാർഡ് കൈ മാറാവുന്നതാണ്.

പരിശോധന നടത്തിയ ഏറത്ത് 9 ആം വാർഡിലെ വിവിധ പ്രവർത്തികളുടെ തൊഴിൽ സംബന്ധിച്ച തൊഴിലാളികളുടെ തൊഴിൽ കാർഡ് പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന വസ്തുതകൾ ബോധ്യപ്പെട്ടിട്ടുണ്ട്

1. പരിശോധിച്ച് തൊഴിൽ കാർഡുകളിൽ എല്ലാം ഫോട്ടോ തൊഴിലാളികൾ സ്വന്തം പണം കൊടുത്ത് സ്റ്റുഡിയോയിൽ നിന്നും എടുത്തതാണ്. തൊഴിൽ കാർഡ് സൗജന്യമായി നൽകേണ്ടപ്പോൾ  കുറഞ്ഞത് 100 രൂപ ഓരോ തൊഴിലാളിയും തൊഴിൽ കാർഡിനായി ചിലവഴിക്കുന്നു. ഇത് അവകാശ ലംഘനമാണ്.
2. എല്ലാ തൊഴിലാളികൾക്കും തൊഴിൽ കാർഡ് സൗജന്യമായി ലഭിക്കുമെന്ന് തൊഴിലാളികൾക്ക് അറിവ് ഉണ്ടായിരുന്നില്ല.

## <u>തൊഴിൽ കാർഡിൽ കണ്ടെത്തിയ വിവരങ്ങൾ</u>

- തൊഴിൽ കാർഡിൽ ഡിമാൻഡ് ചെയ്ത വിവരമോ തൊഴിൽ  ആവശ്യപ്പെട്ട തീയതി, തൊഴിൽ ആവശ്യം പെട്ട കാലയളവ് (ആദ്യദിവസം,അവസാനദിവസം) എന്നിവ രേഖപെടുത്തിയിട്ടില്ല.
- തൊഴിൽകാർഡിൽ പതിപ്പിച്ച ഫോട്ടോ ഓരോരുത്തരും സ്വന്തമായി ആണ് എടുത്തത്.ഒരാൾക്ക് ഫോട്ടോ എടുക്കുന്നതിന് 100 രൂപ ചെലവായിട്ടുണ്ട്. 26 തൊഴിലാളികളുടെ തൊഴിൽ കാർഡ് ആണ് പരിശോധിച്ചത്.അതിനാൽ 2600 രൂപ പൊതു പണത്തിന്റെ നഷ്ടം സംഭവിച്ചിരിക്കുന്നു.

## <u>തൊഴിൽ അനുവദിക്കുന്നതിനും ആവിശ്യപെടുന്നതും സംബന്ധിച്</u>

- AMC 2018, 19 പാരാ 6 ഷെഡ്യൂൾ 2 പ്രകാരം തൊഴിൽ ആവിശ്യപെടാനുള്ള അവകാശവും ആവിശ്യപ്പെട്ട് 15 ദിവസത്തിനകം തൊഴിൽ ലഭിക്കുവാനുമുള്ള അവകാശം തൊഴിലാളികൾക്ക് ഉള്ളതാണ്

- ഡിമാൻഡ് AMC അംശബന്ധം 3(A), 3(B) പ്രകാരമുള്ള ഡിമാൻഡ് ഫോമുകളിൽ അപേക്ഷിക്കാവുന്നതാണ്.
- പരിശോധിച്ച ഫയലുകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഡിമാൻഡ് ഫോമിൽ വെള്ളപേപ്പറിൽ തൊഴിലാളികളുടെ വിവരങ്ങൾ മേറ്റിന്റെ നേതൃത്വത്തിൽ എഴുതി നൽകുന്നു. എന്നല്ലാതെ എത്ര ദിവസത്തേക്ക് തൊഴിൽ ആവിശ്യമാണെന്നോ, എന്നുമുതൽ എന്നുവരെ  തൊഴിൽ ആവിശ്യമുണ്ടെന്നോ രേഖപ്പെടുത്തിയിട്ടില്ല .

## <u>പ്രവർത്തികൾ തിരഞ്ഞെടുക്കുന്നതിനും ഡിമാൻഡ് അനുവദിക്കുന്നതിനെയും സംബന്ധിച്</u>

തൊഴിൽ അവശ്യപെടാനുള്ള അവകാശം ഏതൊരു കാർഡ് ഉടമകൾക്കും ഉള്ളതാണ്. തൊഴിലിനു അപേക്ഷിച്ചു കഴിഞ്ഞാൽ അപേക്ഷിച്ച ദിവസം മുതൽ അടുത്ത 15 ദിവസത്തിനുള്ളിൽ തൊഴിൽ നിർവഹണ ഏജൻസി തൊഴിലിനു അപേക്ഷിച്ച വ്യക്തിക്ക് തൊഴിൽ കൊടുക്കേണ്ടതാണ്. 15 ദിവസം കഴിഞ്ഞാണ് തൊഴിൽ ലഭിക്കുന്നതെങ്കിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ലോ 7(1) പ്രകാരം അതു വരെ ഉള്ള തൊഴിലില്ലായ്മ വേതനം തൊഴിലാളിക്ക് ലഭിക്കേണ്ടതാണ്. ആദ്യ 30 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചില്ലെങ്കിൽ വേതനത്തിന്റെ പകുതിയും അതിനു ശേഷം മുഴുവൻ വേതനവും  നൽകേണ്ടതാണ്.

- ഈ വാർഡിൽ മേറ്റ് /AE തൊഴിൽ കണ്ട് പിടിച്ചു കൊടുക്കുമ്പോൾ ആണ് ഡിമാൻഡ് ചെയ്യുന്നത്.
- ഡിമാൻഡ് ചെയ്ത് 15 ദിവസത്തിനുള്ളിൽ  തൊഴിൽ ലഭിക്കുവാനുള്ള അവകാശം തൊഴിലാളികൾക്കു അറിയാമെങ്കിലും തൊഴിലില്ലായ്മ വേതനത്തെ കുറിച്ചും ഡിലെ കോമ്പൻസേഷനെ കുറിച്ചും വ്യക്തമായ ധാരണ ഇല്ല.

## <u>തൊഴിൽ ആവശ്യപ്പെടാനുള്ള അവകാശം</u>

തൊഴിൽ ആവശ്യപ്പെടാനുള്ള അവകാശമാണ്  മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ മറ്റ് തൊഴിൽ നൽകുന്ന പദ്ധതികളിൽ നിന്ന് വ്യത്യസ്തമാക്കുന്നത്

- ഏതൊരു തൊഴിലാളിക്കും എപ്പോൾ വേണമെങ്കിലും തൊഴിൽ നേടാൻ കഴിയും. എന്നാൽ തുടർച്ചയായി കുറഞ്ഞത് 14 ദിവസത്തേക്ക് തൊഴിൽ ആവശ്യപ്പെടണം എന്ന് മാത്രം( ഒരു കുടുംബത്തിന് 100 ദിവസം).
- 18 വയസ്സിന് ശേഷമുള്ള കുടുംബത്തിലെ ഏതൊരു അംഗത്തിനും തൊഴിൽ ചെയ്യാവുന്നതാണ്.
- തൊഴിലാളികൾക്ക് ഒറ്റക്കോ കൂട്ടമായോ തൊഴിലിന്

അപേക്ഷിക്കാവുന്നതാണ്.

- ആഴ്ചയിൽ ആറ് ദിവസം തൊഴിൽ ചെയ്യുകയും ഒരു ദിവസം വിശ്രമവും ആണ് അനുവദിക്കേണ്ടത്.

**<u>വേതനം 15 ദിവസത്തിനുള്ളിൽ</u>**

സ്ത്രീ പുരുഷ വിത്യാസമില്ലാതെ തുല്യ ജോലിക് തുല്യ വേതനം എന്നതാണ് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ പ്രത്യേകത . 15ദിവസത്തിനുള്ളിൽ ജോലിയുടെ കൂലി കിട്ടുക എന്നത് തെഴിലാളികളുടെ അവകാശമാണ് . നിയമം 6(1), മിനിമം wages ആക്ട് 1948 പ്രകാരം മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സെഷൻ 3(3) പ്രകാരം ഒരു പ്രവർത്തി തുടങ്ങി 15 ദിവസത്തിനകം വേതനം ലഭിക്കുക എന്നത് ഓരോ തൊഴിലാളികളുടെയും അവകാശമാണ് . എന്നാൽ ഇതിൽ വീഴ്ച വരുത്തുകയാണെങ്കിൽ മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് നിയമം shedule2 ലെ പാരാ 29 പ്രകാരം തൊഴിൽ ദിനത്തിൽ ഒരു ദിവസത്തിന് 5 പൈസ നിരക്കിൽ നഷ്ടപരിഹാരം നിർബന്ധമായി നൽകേണ്ടതാണ്. എഫ് ടി ഓ, വേജ് ലിസ്റ്റ് പരിശോധിച്ചത് പ്രകാരം കൃത്യസമയത്തു തന്നെ പഞ്ചായത്തിന്റേതായ കർത്തവ്യങ്ങൾ നടത്തിയെങ്കിലും വേതനം ലഭിക്കുന്നതിന് താമസം നേരിടുന്നതായി കാണാൻ സാധിച്ചു. കൂടാതെ തൊഴിലാളികൾക് നഷ്ടപരിഹാരത്തെക്കുറിച്ചു അറിവുണ്ടായിരുന്നില്ല.

**<u>പദ്ധതിയിൽ തൊഴിൽ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ</u>**

1. അവിദഗ്ദ കായികാധ്വാനം ചെയ്യാൻ സന്നദ്ധതയുള്ള വരും പഞ്ചായത്തിൽ സ്ഥിരതാമസക്കാരൻ ആയിരിക്കണം.

2. ഗ്രാമപഞ്ചായത്തിൽ അപേക്ഷിച്ച് 15 ദിവസത്തിനകം തൊഴിൽ കാർഡ് ലഭിക്കും

3. കുറഞ്ഞത് 14 ദിവസത്തേക്ക് തൊഴിലിന് അപേക്ഷിക്കണം

4. അപേക്ഷ ലഭിച്ച് 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ നിശ്ചിത നിരക്കിൽ തൊഴിലില്ലായ്മ വേതനം.

5 മസ്റ്റർ റോൾ പൂർത്തീകരിച്ച് 15 ദിവസത്തിനകം കൂലി

6. കാലതാമസം ഉണ്ടാകുന്ന ഓരോ ദിവസത്തിനും പോയിന്റ് 0. 5 ശതമാനം നിരക്കിൽ നഷ്ടപരിഹാരം

6. ആകെ തൊഴിലിന്റെ മൂന്നിലൊന്ന് സ്ത്രീകൾക്ക് കുടുംബത്തിന് പരമാവധി 100 ദിവസം

7. അഞ്ച് കിലോമീറ്ററിനുള്ളിൽ ജോലി അല്ലെങ്കിൽ 10% അധികം കൂലി

8. കുടിക്കുവാനുള്ള വെള്ളം വിശ്രമ സൗകര്യം പ്രഥമശുശ്രൂഷ സൗകര്യം എന്നിവ പണി ഇടങ്ങളിൽ ഉണ്ടായിരിക്കണം

9. പരിക്കു പറ്റിയാൽ സൗജന്യചികിത്സ.

10. അപകടമരണം/ സ്ഥിര അംഗവൈകല്യ ത്തിന് നഷ്ടപരിഹാരം

11. അഞ്ച് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് ക്രഷ് സൗകര്യം

12. കുട്ടിക്ക് തൊഴിൽ സ്ഥലത്ത് അപകടം പറ്റിയാൽ സൗജന്യചികിത്സ. മരണത്തിന് എക്സ്ഗ്രേഷ്യ.

**<u>പദ്ധതിപ്രകാരം തൊഴിലാളികൾക്ക് നിഷ്കർഷിച്ചിട്ടുള്ള പത്ത് അവകാശങ്ങൾ</u>**

1. തൊഴിൽ കാർഡ് ലഭിക്കുവാൻ ഉള്ള അവകാശം

2. തൊഴിൽ കാർഡിന് അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുവാൻ ഉള്ള അവകാശവും ആയതിന്റെ കൈപ്പറ്റ് രസീത് ലഭിക്കുവാനുള്ള അവകാശം

3. അല്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം ( ആദ്യത്തെ 30 ദിവസം 1/4 ഉം പിന്നീടുള്ള ദിവസങ്ങളിൽ1/2ഉം )

4. ഷെൽഫ് ഓഫ് പ്രോജക്ട് തയ്യാറാക്കാനുള്ള അവകാശം

5. അഞ്ച് കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കുവാൻ ഉള്ള അവകാശം അല്ലെങ്കിൽ വേതനത്തിന് 10% അധികം.

6. കുടിവെള്ളം വിശ്രമ സൗകര്യം പ്രഥമശുശ്രൂഷ സൗകര്യം ഇവ ലഭിക്കുന്നതിനുള്ള അവകാശം

7. 15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കുന്നതിനുള്ള അവകാശം

8. വേതന വിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിക്കുവാനുള്ള അവകാശം

9. സമയബന്ധിതമായി ഉള്ള പരാതി പരിഹാരത്തിനുള്ള അവകാശം

10. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം

**<u>തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാൻ പറ്റുന്ന പ്രധാന പ്രവർത്തികൾ</u>**

*__വിഭാഗം എ__ : പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതുപ്രവർത്തികൾ

*__വിഭാഗം ബി__ : സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്ക് ഉള്ള വ്യക്തിഗത ആസ്തികൾ (ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് മാത്രം)

*__വിഭാഗം സി__ : ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾ അനുസരിക്കുന്ന സ്വയംസഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ

*__വിഭാഗം ഡി__ :ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ

## വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരുടെ ചുമതലകൾ

### * മേറ്റ്

1.പ്രവർത്തിയുടെ മേൽനോട്ടം

2.തൊഴിൽ കാർഡിൽ ആവശ്യമുള്ള വിവരങ്ങൾ രേഖപെടുത്തുക. അളവ് രേഖപെടുത്തുവാനുള്ള മെഷർ മെന്റ് ബുക്ക് പ്രവർത്തി സ്ഥലത്ത് സൂക്ഷിക്കുക.

3. ദിവസവും തൊഴിലാളികളുടെ ഹാജർ മസ്റ്ററോളിൽ ഉറപ്പ് വരുത്തുക. പൂർത്തിയായ മസ്റ്ററോളുകൾ ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ പക്കൽ എത്തിക്കുക.

### * ഡാറ്റാ എൻട്രി ഓപ്പറേറ്റർ

1.മസ്റ്ററോൾ വിതരണത്തിന് സഹായിക്കുക. പൂർത്തിയായ മസ്റ്ററോളുകൾ മേറ്റിൽ നിന്നും സ്വീകരിച്ച് വർക്ക് ബില്ലുകൾ പൂർത്തീകരിച്ചു വേതനവിതരണത്തിന് നടപടി സ്വീകരിക്കുക. രജിസ്റ്ററുകൾ സൂക്ഷിക്കുക. തൊഴിലാളികളുടെ വേതനം ( ഡി. ബി. റ്റി ) മുഖേന എത്തിയെന്ന് ഉറപ്പാക്കുക.

### * ഓവർസിയർ / എഞ്ചിനീയർ

1.ഗ്രാമസഭ തീരുമാനപ്രകാരം പ്രവർത്തികൾ കണ്ടെത്തുക, പ്രാഥമിക എസ്റ്റിമേറ്റ് തയാറാക്കുക. പ്രവർത്തിയുടെ സാങ്കേതികമായ കാര്യങ്ങൾ മേറ്റ് നും തൊഴിലാളികൾക്കും വിശദമാക്കുക. പ്രവർത്തിയുടെ അളവുകൾ രേഖപ്പെടുത്തുക, ചെക്ക് മെഷർ ചെയ്യുക. ബില്ലുകൾ തയാറാക്കുവാൻ ഡി. ഇ. ഒയെ സഹായിക്കുക.

### * പഞ്ചായത്ത് സെക്രട്ടറി / അസിസ്റ്റന്റ്

1. സെക്രട്ടറി തൊഴിലുറപ്പ് പദ്ധതിയുടെ മേൽനോട്ടം പ്രവർത്തിയുടെ ബില്ലുകൾ യഥാസമയം അംഗീകരിക്കുക, തൊഴിലാളികളുടെ വേതനം യഥാസമയം ഡി.

ബി. റ്റി മുഖാന്തിരം തൊഴിലാളികളുടെ അക്കൗണ്ടിൽ എത്തിയെന്ന് ഉറപ്പാക്കുക.

* **<u>ബ്ലോക്ക് പ്രോഗ്രാം ഓഫീസർ</u>**

1. പഞ്ചായത്തുകളെ തൊഴിലുറപ്പ് പദ്ധതിയുടെ ഷെൽഫ് ഓഫ് പ്രൊജക്റ്റ് തയാറാക്കുന്നതിലും വികേന്ദ്രികൃതാസുത്രണത്തിലും സഹായിക്കുക. ഇ-മുസ്റ്റർറോൾ വിതരണം ചെയ്യുക. പഞ്ചായത്തുകളുടെ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണ മേൽനോട്ടം വഹിക്കുകയും നിർവ്വഹണം മോണിറ്റർ ചെയ്യുകയും ചെയ്യുക.

2. പദ്ധതിയിൽ ലഭിച്ച വിഭവങ്ങളുടെയും വിതരണം ചെയ്തവയുടെയും ഉപയോഗിച്ചവരുടെയും കണക്കുകൾ സൂക്ഷിക്കുക. ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുക.

## <u>തൊഴിലാളികൾക്ക് ചില കടമകൾ കൂടി നിവഹിക്കേണ്ട ബാധ്യതയുണ്ട്</u>

1. കൃത്യസമയത്ത് തൊഴിൽ സ്ഥലത്ത് ഹാജരായി ഒപ്പ് വെക്കുക.

2. തൊഴിലുറപ്പ് ഗ്രാമസഭക്കും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭക്കും കൃത്യമായി പങ്കെടുക്കുക.

3. പണിസ്ഥലത്ത് പ്ലാസ്റ്റിക് വസ്തുക്കൾ ഉപയോഗിക്കുവാനോ കത്തിക്കുവാനോ പാടില്ല.

4. സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ആരംഭ ഘട്ടത്തിൽ തന്നെ നിർബന്ധമായും വെയ്ക്കേണ്ടതാണ്.

5. പ്രകൃതി സംരക്ഷണത്തിന് ആവശ്യമായ പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുക.

6. ആസ്തി സൃഷ്ടിക്കുന്ന പ്രവർത്തികൾ കണ്ടെത്തി മേറ്റിനേയും പഞ്ചായത്ത് അധികൃതരേയും അറിയിക്കുക.

## <u>തൊഴിലാളികളുമായി സംവദിച്ചതിൽ നിന്നും മനസിലായത്</u>

*തൊഴിലുറപ്പ് ഗ്രാമസഭ നടത്താറുണ്ട്.

*മസ്സറോൾ, സൈറ്റ് ഡയറി എന്നിവ എല്ലാരും പരിശോധിക്കുന്നില്ല .

*സൈറ്റ് ലേക്ക് ആവശ്യമായ സാധനകൾക് പഞ്ചായത്തിൽ അപേക്ഷ കൊടുക്കാം എന്ന് സമ്മതിച്ചു.

* തൊഴിൽ ലഭിക്കാത്ത പക്ഷം പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്  റസീപ്റ്റ് വാങ്ങാമെന്ന് സമ്മതിച്ചു.

* മുൻകരുതലിന്  ആവശ്യമായ മരുന്നുകൾ ഹെൽത്ത് സെന്ററർ മുഖേനയാണ് വാങ്ങുന്നത്.

* 10 അവകാശങ്ങളെപ്പറ്റി ആരും പറഞ്ഞുകൊടുത്തിട്ടില്ല.

* ഡിലേ കോമ്പൻസേഷനെ കുറിച്ച് അറിവുണ്ടായിരുന്നില്ല, ഇനി വേതനം താമസിക്കുകയാണെങ്കിൽ അപേക്ഷ സമർപ്പിച്ച് കൈപ്പറ്റ് റെസിപ്റ്റ്  വാങ്ങാം എന്ന് തൊഴിലാളികൾ സമ്മതിച്ചിട്ടുണ്ട്.

**<u>പരിശോധിച്ച തൊഴിൽ കാർഡ്ക്കളുടെ ലിസ്റ്റ്</u>**

| ക്രമ നമ്പർ | തൊഴിലാളികളുടെ പേര് | തൊഴിൽ കാർഡ് നമ്പർ |
|---|---|---|
| 1 | വിജയകുമാർ. സി | 9/194 |
| 2 | സിന്ധു | 9/293 |
| 3 | യശോദാസ് | 9/33 |
| 4 | ശശി | 9/21 |
| 5 | രാമൻ | 9/183 |
| 6 | ബാലൻ | 9/125 |
| 7 | ഗൗരികുട്ടി | 9/20 |
| 8 | സുധാമണി | 9/122 |
| 9 | ലീലാമ്മ | 9/259 |
| 10 | കുഞ്ഞുമോൻ | 9/137 |
| 11 | ലക്ഷ്മിക്കുട്ടി | 9/4 |
| 12 | സുബ്രമണ്യൻ | 9/44 |
| 13 | ബിന്ദു ജി | 9/124 |

| | | |
|---|---|---|
| 14 | മണി കെ | 9/31 |
| 15 | മണി ആർ | 9/52 |
| 16 | മീനാക്ഷി | 9/162 |
| 17 | അംബിക | 9/160 |
| 18 | തങ്കമണി | 9/2 |
| 19 | ശ്രീജ | 9/156 |

| | | |
|---|---|---|
| 20 | രതി പി | 9/240 |
| 21 | രമ റ്റി | 9/220 |
| 22 | ഇന്ദിര | 9/296 |
| 23 | മിനി വർഗീസ് | 9/74 |
| 24 | ഇന്ദിര ദേവി | 9/225 |
| 25 | ലീലാമ്മ തോമസ് | 9/11 |
| 26 | ശശികല | 9/5 |

## <u>ഫീൽഡ് സന്ദർശനത്തിൽ നിന്നും ലഭ്യമായ അളവു വിവരങ്ങൾ</u>

- **<u>തട്ട്തിരിക്കൽ :LD/333786</u>**

| ക്രമ നമ്പർ | ഉപഭോക്താവിന്റെ പേര് | നീളം [m] | വീതി [m] | ഉയരം [m] | വിസ്തീർണം [m3] |
|---|---|---|---|---|---|
| 1 | ഇന്ദിരാദേവി | 90.6 | 0.5 | 1.8 | 81.54 |
| 2 | കുഞ്ഞുമോൾ | 322 | 0.5 | 2 | 322 |

| | | | | | |
|---|---|---|---|---|---|
| 3 | സാംകുട്ടി | 1140 | 0.5 | 1.9 | 1038 |
| 4 | സൂസമ്മ | 56 | 0.5 | 1.3 | 36.4 |
| 5 | സാവിത്രി | 74 | 0.5 | 1.1 | 40.7 |
| 6 | രാജൻ | 18 | 0.5 | 2.1 | 18.9 |
| 7 | രാജനേ്ദ്രൻ | 50 | 0.5 | 1.9 | 47.5 |
| 8 | ഗൗരികുട്ടി | 46.6 | 0.5 | 1.9 | 44.27 |
| | ആകെ വിസ്തീർണ്ണം | | | | 1674.31m3 |

ഫീൽഡ് പ്രകാരമുള്ള ആകെ വിസ്തീർണ്ണം= 1674.31m3

മെഷർമെന്റ് ബുക്ക് പ്രകാരം ഉള്ള ആകെ വിസ്തീർണ്ണം= 1250m3

ഫീൽഡ് പ്രകാരമുള്ള ആകെത്തുക =129270 രൂപ

മെഷർമെന്റ് മുക്ക് പ്രകാരമുള്ള ആകെ തുക= 91426 രൂപ

അധികബാധ്യത= 129270-91426=37808 രൂപ

**മെഷർമെന്റ് ബുക്കിലുള്ള വിസ്തീർണ്ണത്തിലേക്കാളും 424m3 അധികം വിസ്തീർണത്തിൽ ഭൂമി തട്ട് തിരിച്ചതായി കാണാൻ കഴിഞ്ഞു. ഈ അധിക ജോലി ചെയ്തു തീർക്കുന്നതിന് ആവശ്യമായ 139 തൊഴിൽ ദിനങ്ങൾ തൊഴിലാളികൾക്ക് നഷ്ടപ്പെട്ടതായി കണക്കാക്കുന്നു.**

- **തട്ട്തിരിക്കൽ :LD/333797**

| ക്രമ നമ്പർ | ഉപഭോക്താവിന്റെ പേര് | നീളം [m] | വീതി [m] | ഉയരം [m] | വിസ്തീർണം [m3] |
|---|---|---|---|---|---|
| 1 | സോമൻ | 116 | 0.5 | 1.7 | 98.60 |
| 2 | രാജൻ | 500 | 0.5 | 1.4 | 350 |

| | | | | | |
|---|---|---|---|---|---|
| 3 | രാജേന്ദ്രൻ | 56.6 | 0.5 | 1.9 | 148.77 |
| 4 | ഗൗരിക്കുട്ടി | 200 | 0.5 | 1.8 | 180 |
| 5 | യശോദാസ് | 416 | 0.5 | 1.5 | 312 |
| 6 | സാവിത്രി | 324 | 0.5 | 1.9 | 307.8 |
| 7 | പൊന്നമ്മ | 104 | 0.5 | 2.1 | 109.2 |
| 8 | പൊടിയൻ | 188.8 | 0.5 | 1.5 | 141.6 |
| 9 | കുഞ്ഞ് കുഞ്ഞ് | 400 | 0.2 | 1.6 | 128 |
| | ആകെ വിസ്തീർണ്ണം | | | | 1775.9 m3 |

ഫീൽഡ് പ്രകാരമുള്ള വിസ്തീർണ്ണം= 1775.9m3

മെഷർമെന്റ് ബുക്ക് പ്രകാരമുള്ള വിസ്തീർണ്ണം= 1250m3

ഫീൽഡ് പ്രകാരം ആകെത്തുക= 138276 രൂപ

മെഷർമെന്റ് ബുക്ക് പ്രകാരമുള്ള ആകെത്തുക= 91426 രൂപ

അധിക ബാധ്യത= 138276-91426 = 46850 രൂപ

**മെഷർമെന്റ് ബുക്കിലുള്ള വിസ്തീർണ്ണത്തിലേക്കാളും 525m3 അധികം വിസ്തീർണത്തിൽ ഭൂമി തട്ട് തിരിച്ചതായി കാണാൻ കഴിഞ്ഞു. ഈ അധിക ജോലി ചെയ്തു തീർക്കുന്നതിന് ആവശ്യമായ 172 തൊഴിൽ ദിനങ്ങൾ തൊഴിലാളികൾക്ക് നഷ്ടപ്പെട്ടതായി കണക്കാക്കുന്നു.**

- **മൺ കൈയ്യാല നിർമ്മാണം, (LD/253886)**

| No. | ഉപഭോക്താവിന്റെ പേര് | നീളം (m) | വീതി (m) | ഉയരം (m) | വിസ്തീർണ്ണം (m3) |
|---|---|---|---|---|---|
| 1. | വിദ്യാധരന് | 73.56 | 0.525 | 1.82 | 70.286 |

| | | | | | |
|---|---|---|---|---|---|
| 2. | ഇന്ദിര | 172.22 | 0.525 | 1.8 | 162.74 |
| 3. | യശ്ശോദാസ് | 36.37 | 0.525 | 2.02 | 38.57 |
| 4. | റോസമ്മ | 61.8 | 0.525 | 1.7 | 55.156 |
| 5. | ദീപ | 106 | 0.525 | 1.5 | 83.475 |
| 6. | പൊന്നമ്മ | 104 | 0.525 | 1.6 | 87.36 |
| 7. | സോമൻ | 83.5 | 0.525 | 1.8 | 78.90 |
| | ആകെ വിസ്തീർണ്ണം | | | | 576.487 m3 |

ഫീൽഡ് പ്രകാരമുള്ള വിസ്തീർണ്ണം= 576.48m3

മെഷർമെന്റ് ബുക്ക് പ്രകാരമുള്ള വിസ്തീർണ്ണം= 924m3

ഫീൽഡ് പ്രകാരം ആകെത്തുക= 106839 രൂപ

മെഷർമെന്റ് ബുക്ക് പ്രകാരമുള്ള ആകെത്തുക= 171244 രൂപ

ബാധ്യത = 171244-106839=64405 രൂപ

- **<u>മൺ കയ്യാല നിർമാണം,(LD/313626)</u>**

| No. | ഉപഭോക്താവിന്റെ പേര് | നീളം (m) | വീതി ( m ) | ഉയരം (m) | വിസ്തീർണ്ണം (m3) |
|---|---|---|---|---|---|
| 1. | നി വർഗ്ഗീസ്സ് | 173.2 | 5 | 1.42 | 129.12 |
| 2. | കുഞ്ഞുമോൻ | 294 | 5 | 1.21 | 186.76 |
| 3. | ഇന്ദിരദേവി | 77.65 | 5 | 1.36 | 55.44 |
| 4. | സാവിത്രി | 333 | 5 | 1.43 | 249.9 |

| | | | | | |
|---|---|---|---|---|---|
| 5. | ലീലാമ്മ | 126.6 | 5 | 1.52 | 101.02 |
| | ആകെ വിസ്തീർണം | | | | 722.24 m3 |

ഫീൽഡ് പ്രകാരമുള്ള വിസ്തീർണ്ണം= 722.24m3

മെഷർമെന്റ് ബുക്ക് പ്രകാരമുള്ള വിസ്തീർണ്ണം= 924m3

ഫീൽഡ് പ്രകാരം ആകെത്തുക= 133852 രൂപ

മെഷർമെന്റ് ബുക്ക് പ്രകാരമുള്ള ആകെത്തുക= 171244 രൂപ

ബാധ്യത =171244-133852=37392 രൂപ

- **വ്യക്തിഗത കക്കൂസ് നിർമാണം**

(1)

| പ്രവർത്തിയുടെ പേര് | പ്രവർത്തിയുടെ കോഡ്& ഉപഭോക്താവിന്റെ പേര് | നീളം | വീതി | ഉയരം | വിസ്തീർണം |
|---|---|---|---|---|---|
| വ്യക്തിഗതകക്കൂസ് നിർമ്മാണം | IF/369431<br>ശ്യാമള | 7.8 | O.2 | 1.86 | 2.901 |

**കക്കൂസ് പണി മുഴുവനും പൂർത്തീകരിച്ചിട്ടില്ല.വാതിൽ സ്ഥാപിച്ചിട്ടില്ലാരുന്നു. ഉപയോഗിച്ച് തുടങ്ങിയിട്ടില്ലാരുന്നു.സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്.**

(2)

| പ്രവർത്തിയുടെ പേര് | പ്രവർത്തിയുടെ കോഡ്&ഉപഭോക്താവിന്റെ പേര് | നീളം (m) | വീതി (m) | ഉയരം (m) | വിസ്തീർണം (m3) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വ്യക്തിഗതക ക്കൂസ് നിർമ്മാണം | IF/363143 ശശി | 6.6 | 0.2 | 1.95 | 2.574 |

**കക്കൂസ് പണി മുഴുവനും പൂർത്തീകരിച്ച നിലയിൽ ആയിരുന്നു.ഉപയോഗിച്ച് തുടങ്ങിയിരുന്നു.സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്.**

- **<u>ലൈഫ് ഭവന നിർമാണം (IF/363721)</u>**

ലൈഫ് ഭവന നിർമാണം ഫീൽഡ് പരിശോധന നടത്തിയതിൽ നിന്ന് കണ്ടെത്താൻ കഴിഞ്ഞത്,

* ഘട്ടം ഘട്ടമായി പണം ലഭിച്ച തീയതി പാസ്സ് ബുക്ക് നോക്കി പരിശോധിച്ചതിൽ നിന്ന്, ആ തീയതി പ്രകാരം ആണ് മസ്റ്റർ റോൾ അനുവദിച്ചിരിക്കുന്നത് എന്ന് കാണാൻ കഴിഞ്ഞു.

* പണി പൂർത്തിയാക്കാൻ ഉള്ളതിനാൽ ഭവനം ഉപയോഗിക്കാൻ തുടങ്ങിയിട്ടില്ല.

*ജോലി ചെയ്ത മേശിരിമാരുടെ ലിസ്റ്റ് പരിശോധിച്ചു, ലിസ്റ്റിൽ പറഞ്ഞ എല്ലാവരും പണി ചെയ്തതായി ഉപഭോക്താവ് സാക്ഷ്യപ്പെടുത്തി.

*ഉപഭോക്താവിന്റെ പേരിൽ ആയിരുന്നു മസ്റ്റർ റോൾ പ്രിന്റ് ചെയ്തിരിക്കുന്നത്.

*ഉപഭോക്താവിന്റെ ഒപ്പ് മസ്റ്റർ റോൾ ഇൽ രേഖപ്പെടുത്തിയിട്ടുണ്ടാരുന്നു.

* മസ്റ്റർ റോൾ ഇൽ ഉപഭോക്താവ് ഒപ്പ് ഇട്ടത് പഞ്ചായത്തിൽ നിന്ന് മസ്റ്റർ റോൾ മേടിച്ച് വീട്ടിൽ കൊണ്ട് വന്ന് ആയിരുന്നു എന്ന് ഉപഭോക്താവ് സാക്ഷ്യപ്പെടുത്തി .

*ഭവന നിർമാണം സന്ദർശിക്കാൻ പഞ്ചായത്ത് ഉദ്യോഗസ്ഥർ ആയ വി ഇ ഒ, ഓവർസിയർ, എ ഇ എന്നിവർ വന്നതായി അറിയാൻ കഴിഞ്ഞു.

- **<u>കയർ ഭൂവസ്ത്രം ഉപയോഗിച്ച് തോടിന്റെ ഭിത്തി ബലപ്പെടുത്തൽ (FP/114399)</u>**

ഫീൽഡ് പരിശോധനയിൽ കണ്ടെത്തിയത്,

*കയർ ഭൂവസ്ത്രം 100m മെഷർമെന്റ് ബുക്ക് ഇൽ പറഞ്ഞ അളവിൽ ചെയ്തിട്ടുള്ളതായി കാണാൻ സാധിച്ചു.

*കയർ ഭൂവസ്ത്രത്തിന്റെ മുകളിൽ പുല്ലു വച്ചു പിടിപ്പിച്ചിരുന്നു.

* സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്.

- **കാലിത്തൊഴുത്  നിർമാണം (IF/395541)**

| No | ഉപഭോക്താവിന്റെ പേര് | നീളം (m) | വീതി (m) | ഉയരം (m) |
|---|---|---|---|---|
| 1 | ലീലാമ്മ തോമസ് | 16.5 | 7.52 | 2.24 |
| | മെഷർമെന്റ് ബുക്ക് പ്രകാരമുള്ള അളവുകൾ | 29.7 | 1.05 | 3.85 |

**കാലിത്തൊഴുത്ത്  പണി മുഴുവനും പൂർത്തീകരിച്ച നിലയിൽ ആയിരുന്നു.ഉപയോഗിച്ച് തുടങ്ങിയിരുന്നു.സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്.**

- **ആട്ടിന്കൂട് നിർമ്മാണം (IF/395600)**

| No | ഉപഭോക്താവിന്റെ പേര് | നീളം (m) | വീതി (m) | ഉയരം (m) |
|---|---|---|---|---|
| 1 | ശശികല | 10.38 | 7.4 | 2.14 |
| | മെഷർമെന്റ് ബുക്ക് പ്രകാരമുള്ള അളവുകൾ | 8.9 | 2.6 | 3.75 |

**ആട്ടിൻകൂട്  പണി മുഴുവനും പൂർത്തീകരിച്ച നിലയിൽ ആയിരുന്നു.ഉപയോഗിച്ച് തുടങ്ങിയിരുന്നു.സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്.**

- **കിണർ നിർമാണം**

| ക്രമെ നമ്പ ർ | പ്രവർത്തി യുടെ പേര് | പ്രവർത് തി യുടെ കോഡ് | ഉപഭോക് താവിന് റെ പേര് | ഫീൽഡ് പ്രകാര മുള്ള വിസ്തീ | എം ബുക്ക് പ്രകാര മുള്ള |
|---|---|---|---|---|---|

| | | | | ർണ്ണം (m3) | വിസ്തീർണ്ണം (m3) |
|---|---|---|---|---|---|
| 1 | കിണർ നിർമാണം | IF/390554 | രമ റ്റി | 2.75 | 4.71 |
| 2 | കിണർ നിർമാണം | IF/391542 | രതി പി | 2.75 | 4.71 |

**മുകളിൽ പറഞ്ഞിരിക്കുന്ന രണ്ട് ഉപഭോക്താക്കളുടെ കിണർ നിർമാണവും പൂർത്തീകരിച്ച നിലയിൽ ആയിരുന്നു .ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ടായിരുന്നു രതിയുടെ കിണർ നിർമാണത്തിൽ 5 തൊടികളും രമയുടെ കിണർ നിർമാണത്തിൽ 7 തൊടികളും ആയിരുന്നു കാണാൻ സാധിച്ചത്. സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്.**

- **കിണർ നിർമാണം (IF/394380)**

ഉപഭോക്താവിന്റെ പേര് :സജി ബി, അഖിൽ ഭവനം

സാധനസാമഗ്രികളുടെ തുക=7460രൂപ

സിറ്റിസൺ ഇൻഫർമേഷൻ ബോർഡിന്റെ ബാധ്യത =1000രൂപ

**ആകെ ബാധ്യത** =8460രൂപ

**പണം മുഴുവനും ലഭിച്ചിട്ടും കിണർ പൂർത്തികരിചിട്ടില്ലാത്ത നിലയിൽ ആയിരുന്നു ഫീൽഡ് വെരിഫിക്കേഷനിൽ കാണാൻ സാധിച്ചത്. റിങ്ങ് സ്ഥാപിച്ചിട്ടില്ലാരുന്നു.CIB യും കാണാൻ സാധിച്ചില്ല.**

- **കല്ല് കൈയ്യാല നിർമാണം**

| ക്രമെ നമ്പർ | പ്രവർത്തി യുടെ പേര് | പ്രവർത്തി യുടെ കോഡ് | ഉപഭോക്താവിന്റെ പേര് | Area as per field (m3) | Area as per m.book (m3) |
|---|---|---|---|---|---|
| 1 | കല്ല് | IF/372165 | സുരേന്ദ് | 55.3 | 41.04 |

| | | | | | |
|---|---|---|---|---|---|
| | കയ്യൊ<br>ല | | ദ്രൻ | | |
| 2 | കല്ല്<br>കയ്യൊ<br>ല | IF/3721<br>72 | വിദ്യധ<br>രൻ | 49.5 | 46.28 |

**രണ്ട് കല്ല് കൈയ്യാലകളിലും മെഷർമെന്റ് ബുക്കിലുള്ള അളവിനെ കാട്ടിലും കൂടുതൽ അളവിൽ ആണ് കയ്യാല നിർമ്മിച്ചിട്ടുള്ളത്.പൂർത്തീകരിച്ച നിലയിൽ ആയിരുന്നു കാണാൻ സാധിച്ചത്. രണ്ട് കൈയ്യാലകളിലും സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടില്ലായിരുന്നു .**

**വാർഡ് 9 ലെ ആകെ ബാധ്യത = 110257 രൂപ**

<u>നന്ദി</u>

സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് സഹായിച്ച പത്തനംതിട്ട ഡി ആർ പിക്കും പറക്കോട് ബ്ലോക്ക് എ ഇ ക്കും ഏറത്തു ഗ്രാമപഞ്ചായത്ത് 9 ആം വാർഡ് മെമ്പർ, മറ്റു ഉദ്യോഗസ്ഥർ തൊഴിലുറപ്പ് തൊഴിലാളികൾ മേറ്റ് മാർ എന്നിവർക്കും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

***സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയത്,***

രേഷ്മ ജി നായർ, ദേവിക, ആശ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ്, പത്തനംതിട്ട ജില്ല പറക്കോട് ബ്ലോക്ക് ടീം

**ഏറത്ത് ഗ്രാമപഞ്ചായത്ത് ഒമ്പതാം വാർഡ് സോഷ്യൽ ഓഡിറ്റ്**

**ഗ്രാമസഭ**



2019 നവംബർ ഇരുപത്തി ഏഴാം തീയതി ബുധനാഴ്ച രാവിലെ 10 മണിക്ക് പുതുശ്ശേരിഭാഗം എൽ. പി. എസ്സിൽ കൂടിയ വാർഡ് 9 പുതുശ്ശേരി ഭാഗത്തിന്റെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ ജനപ്രതിനിധികൾ, എം ജി എൻ ആർ ഇ ജി എ യുടെ ഓഫീസിലുള്ളവർ, 121 തൊഴിലാളികൾ, റിസോഴ്സ് പേഴ്സൺമാർ തുടങ്ങിയവർ പങ്കെടുത്തു.ഗ്രാമസഭയിൽ എടുത്ത തീരുമാനങ്ങളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

**നിർദ്ദേശങ്ങൾ**

1. തൊഴിലാളികളുടെ ഫോട്ടോ എടുക്കാൻ പഞ്ചായത്ത് ക്യാമറ ലഭ്യമാക്കണം എന്ന് പറഞ്ഞു.
2. ജനകീയ ഭാഷയിലുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കണം.
3. കിട്ടാനുള്ള വേതനം എത്രയും പെട്ടെന്ന് തന്നെ ലഭ്യമാക്കണം.

**ഗ്രാമസഭയിൽ എടുത്ത തീരുമാനങ്ങൾ**

1. അടുത്ത തൊഴിലുറപ്പ് പ്രവർത്തി മുതൽ ജനകീയ എസ്റ്റിമേറ്റ് ലഭ്യമാക്കും.
2. മസ്റ്റർ റോളിൽ വെട്ടിത്തിരുത്തലുകൾ ഉണ്ടായാൽ അതിന് കാരണം മറ്റേ ഒരു വെള്ളപേപ്പറിൽ എഴുതി നൽകും.
3. തൊഴിൽ കാർഡിനായി അപേക്ഷിക്കുന്ന വ്യക്തികൾക്ക് പഞ്ചായത്തിൽ നിന്നും ഫോട്ടോ എടുത്തു നൽകും.
4. പുതിയ വിഎംസി അംഗങ്ങളെ തിരഞ്ഞെടുക്കും.
5. തൊഴിൽ ആവശ്യപ്പെടാനുള്ള ഫോം പഞ്ചായത്തിൽ നിന്ന് സൗജന്യമായി

വിതരണം ചെയ്യുമെന്ന് തീരുമാനിച്ചു.

6. റോസ്ഗാർ ദിവസ് ഇതുവരെ കൂടിയിട്ടില്ല. ഇനിമുതൽ ആചരിക്കുമെന്നു തീരുമാനമായി.
7. പണി പൂർത്തീകരിക്കാത്ത കിണർ നിർമാണം ഡിസംബറിനുള്ളിൽ പൂർത്തീകരിക്കും എന്ന് തീരുമാനം ആയി.
8. സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കാത്ത പ്രവർത്തികളുടെ ബാധ്യത അത് സ്ഥാപിച്ചതിനാൽ ബാധ്യതതയിൽ നിന്ന് ഒഴിവാക്കി.

ഉച്ചയ്ക്ക് 1:15 ന് ഗ്രാമസഭ റിപ്പോർട്ട് ബാധ്യത ഒഴിച്ച് അംഗീകരിച്ചു.

**അദ്ധ്യക്ഷൻ :**

**DRP :**
**BRP :**